പുതിയ റേഷൻ ഷോപ്പുകൾ

* 191 [691] ശ്രീ. ടി. എ. മജീദ് :
,, എം. കെ. ദിവാകരൻ
,, പി. എസ്. ശ്രീനിവാസൻ
,, എൻ. ഐ. ദേവസ്സിക്കുട്ടി
} താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഭക്ഷ്യവകുപ്പുമന്ത്രി ചാർജ്ജ് എടുത്തതിനുശേഷം എത്ര റീട്ടെയിൽ ഹോൾസെയിൽ റേഷൻ ഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്; ആക്കെല്ലാം;

(ബി) ഇവയിൽ ഹോൾസെയിൽ എത്ര റീട്ടെയിൽ എത്ര;

(സി) ന്യായവിലഷാപ്പുകൾ അനുവദിക്കുന്നതിൽ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ; എന്തെല്ലാമാണ് മാറ്റങ്ങൾ;

(ഇ) കളക്ടറന്മാരുടെയും ഡി. എസ്. ഒ. മാരുടെയും ശുപാർശയനുസരിച്ചാണോ ഈ ഷോപ്പുകൾ കൊടുത്തത്;

(എഫ്) കളക്ടറന്മാർ ശുപാർശ ചെയ്യാത്തതും നിരസിച്ചതുമായ എത്ര അപേക്ഷകൾ ഗവണ്മെന്റ് നേരിട്ട് അനുവദിച്ചുകൊടുത്തിട്ടുണ്ട്;

(ജി) പുതിയ കടകൾ ലഭിച്ചവരിൽ കരിഞ്ചന്തയ്ക്ക് ശിക്ഷ അനുഭവിച്ചവർ എത്ര പേരുണ്ട്;

(എച്ച്) കളക്ടറന്മാർക്ക് കടകൾ കൊടുക്കാനുണ്ടായിരുന്ന അധികാരം ഗവണ്മെന്റ് എടുക്കുകയുണ്ടായോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ഐ) പുതിയ റേഷൻ കടകൾ കൊടുക്കുന്ന കാര്യത്തിൽ ഭാക്ഷ്യോപദേശക സമിതിയുമായോ, സ്വയംഭരണസ്ഥാപനങ്ങളുമായോ ആലോചിക്കേണ്ടതില്ലെന്ന് ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഗതാഗതമന്ത്രി (ശ്രീ. ഇ കെ. ഇമ്പിച്ചിബാവ)

(a to i) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. ടി. എ. മജീദ് : ചോദ്യം കൊടുത്തതു സമയത്തുതന്നെ. ശേഖരിച്ചുവരുന്ന മറുപടികൾ കിട്ടാൻ സമ്മേളനം കഴിഞ്ഞാൽ പിന്നെ വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഈ മാതിരി ഉത്തരങ്ങൾ ഒരു നിശ്ചിതസമയത്തിനകം കിട്ടാൻവേണ്ട ഏർപ്പാടുചെയ്യണം. ഇതു് ഒരാഴ്ചക്കകം കിട്ടുമോയെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : എനിക്കുതന്നെ തോന്നിയിട്ടുണ്ട്. ഇങ്ങനെ പറയുന്നതു ശരിയല്ലെന്ന്. ഇതിനെസംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ടെന്താണെന്നുവച്ചാൽ റേഷൻകട കൊടുക്കുന്നതിനുള്ള അതാറിട്ടി ഗവണ്മെന്റു മാത്രമല്ല. അവിടെന്നെല്ലാം വിവരം ശേഖരിക്കാൻ കുറെ വിഷമമുണ്ട്. അതല്ലാതെ മാന്യമെമ്പറുടെ മുമ്പിൽ സംഗതികൾ മറച്ചുവയ്ക്കാൻ വേണ്ടിയല്ല ഇങ്ങനെ പറഞ്ഞതു്.

ശ്രീ. കെ. കരുണാകരൻ : മന്ത്രി എല്ലാ ചോദ്യത്തിനും വിവരം ശേഖരിച്ചുവരുന്നുഎന്ന ഉത്തരമാണ് പറഞ്ഞതു്. വിവരം ശേഖരിച്ചുവരാനുള്ള താമസമാണ് പ്രധാനകാരണമെന്നും പറയുകയുണ്ടായി. എന്നാൽ (സി) ശേഖരിച്ചു വരേണ്ട ചോദ്യമല്ല "ന്യായവിലഷാപ്പുകൾ അനുവദിക്കുന്നതിൽ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; എന്തെല്ലാമാണ് മാറ്റങ്ങൾ; ഇതിനു് ഉത്തരം പറയാവുന്നതേ ഉള്ളൂ?

ശ്രീ ഇ കെ. ഇമ്പിച്ചിബാവ : മിനിസ്റ്റർക്ക് അറിയാവുന്ന കാര്യങ്ങളാണെങ്കിലും ഒന്നുമാത്രം പറഞ്ഞു് ചോദ്യത്തിൽനിന്നും ഒഴിയുകയെന്നു വിചാരിച്ചതാണ്. നിയമത്തിൽ മാറ്റംവരുത്തിയിട്ടുണ്ട്. മുമ്പ് കടകൾ കൊടുക്കാൻ ഗവണ്മെന്റിനു് അധികാരമില്ലായിരുന്നു. റീട്ടയിൽ കടകൾ സപ്ലൈ ആഫീസറും ഹോൾസെയിൽ

LIBRARY ARCHIVES Kerala Legislative Assembly

കടകം കളക്ടറുമാണ് കൊടുത്തുകൊണ്ടിരുന്നത്. അങ്ങനെ വന്നപ്പോൾ വേഗത കുറയുകയും പല ആക്ഷേപങ്ങളുണ്ടാകുകയും ചെയ്തു. ഈ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് ഗവണ്മെൻറിനുകൂടി അധികാരം വേണമെന്നു കണ്ടുകൊണ്ടാണ് നിയമത്തിൽ മാറ്റം വരുത്തിയത്.

ശ്രീ. കെ. എം. ജോർജ്ജ് : ഒരു ന്യായവിലഷാപ്പിൽ എന്തോ തെറ്റു കണ്ടു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദുചെയ്ത അവസരത്തിൽ വീണ്ടും ലൈസൻസ് കൊടുക്കണമെന്നു പറയുകയും അപ്പോൾ കളക്ടർ കേൾക്കാതിരിക്കുകയും ചെയ്തു എന്നതെന്നെ, നിയമം മാറുമെന്നു പറഞ്ഞു മന്ത്രി അതു മാറ്റിയെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കളക്ടറോടു വാദപ്രതിവാദം നടത്തേണ്ട ആവശ്യമില്ല. മാറേണ്ടവർ അങ്ങു മാറും. നടപ്പാക്കുമ്പോൾ കൃത്യമായി നടപ്പാക്കുകയും ചെയ്യും. അതിനു വാദപ്രതിവാദമൊന്നും ആവശ്യമില്ല.

ശ്രീ. കെ. എം. മാണി : സർ, ഒരു സബ്മിഷൻ. 'എ മുതൽ ഐ' വരെ വിവരം ശേഖരിച്ചു വരുന്നു എന്നു മന്ത്രി പറയുകയുണ്ടായി. എന്നാൽ ശ്രീമാൻ കരുണാകരന്റെ സപ്ലിമെന്ററിക്കു ഉത്തരമായി ചില കാര്യങ്ങളും അറിയാമെങ്കിലും മുഴുവൻ ഉത്തരവും കിട്ടാതിരിക്കുന്നതുകൊണ്ടാണ് പറയാതിരിക്കുന്നതെന്നുള്ള അർത്ഥത്തിൽ അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഏതെങ്കിലും ഒരു ചോദ്യത്തെസംബന്ധിച്ചിടത്തോളം ഇങ്ങനെ വിവരങ്ങളുണ്ടായിരിക്കെ വിവരം ശേഖരിച്ചു വരുന്നു എന്നു പറയുന്നതു ശരിയാണോ?

മി. സ്പീക്കർ : അതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. വളരെപ്രധാനപ്പെട്ടതായ കാര്യത്തെ സംബന്ധിച്ചിടത്തോളം വിവരം ശേഖരിച്ചുവരുന്നു എന്നുള്ളതുകൊണ്ട് അതു എല്ലാംകൂടി നോക്കിയിട്ട് മൊത്തത്തിൽ ഉത്തരം പറയാമെന്നു വിചാരിച്ചു എന്നു പറയുന്നതിൽ എന്താണ് തെറ്റുള്ളതു്. വിവരം സഭയ്ക്കു തരുമെന്ന ഉദ്ദേശത്തിലാണ് അങ്ങനെ ചെയ്തതെന്നു് എനിക്കു തോന്നുന്നില്ല.

ശ്രീ. കെ. കരുണാകരൻ : അങ്ങനെയാണെങ്കിൽ ഈ സ്റ്റാറിസ്റ്റിക്സ് കളക്ടചെയ്യാനുള്ളതിനു് ഒഴിച്ചു് മറുപടി പറയാമല്ലോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അറിയാമെന്നുള്ളതു പറയാം.

ശ്രീ. കെ. എം ജോർജ്ജ് : പൊതുതാൽപ്പര്യത്തെ കരുതിയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി (സി) യുടെ ഉത്തരം പറയേണ്ടതായിരുന്നു. ഇതിനെ സംബന്ധിച്ചു് ഉള്ള വിവരം മനസ്സിലാക്കിയിരുന്നാൽ അതനുസരിച്ചു് പൊതുജനങ്ങൾ സമീപിച്ചുകൊള്ളും. അതുകൊണ്ടു് അതിനു ഉത്തരം പറയാൻ അങ്ങു് കല്പന ചെയ്യണം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : (സി) യുടെ ഉത്തരം ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ : എന്തെല്ലാമാണു് മാറേണ്ടതെന്നു പറഞ്ഞില്ല. മേലിൽ കടകം കിട്ടേണ്ടവർക്കു് അതു മനസ്സിലാക്കിയിരിക്കണമല്ലോ. അതുകൊണ്ടു് അതുകൂടി ഒന്നു പറഞ്ഞാൽ കൊള്ളാം?

ശ്രീ. ഇ കെ. ഇമ്പിച്ചിബാവ : പറയാം. റീട്ടെയിൽ കടകം കിട്ടുന്നതെങ്കിൽ ഡിസ്ട്രിക്ട് സപ്ലൈ ആഫീസർക്കു് അപേക്ഷാഫാറം പൂരിപ്പിച്ചു് സ്റ്റാമ്പൊട്ടിച്ചു കൊടുക്കണം, ഹോൾസെയിൽ കടകം കിട്ടണമെങ്കിൽ കളക്ടർക്കോ ഗവണ്മെൻറിനോ രണ്ടു രൂപാ സ്റ്റാമ്പൊട്ടിച്ച അപേക്ഷാഫാറം പൂരിപ്പിച്ചുകൊടുക്കണം. മറ്റുകാര്യങ്ങളും ഫാറം ഫില്ലുചെയ്യുമ്പോൾ മനസ്സിലാകും സാംവൻസിയും മറ്റുകാര്യങ്ങളും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. കരുണാകരൻ : (ഡി) യിൽ ചോദിച്ചിരിക്കുന്നത്, "ഉണ്ടെങ്കിൽ എന്നുമുതൽ, എത്രത്തോളം പദ്ധതി മാറ്റങ്ങൾ" എന്നാണ്. ഇതു പ്രൊസീഡിയറാണ് അപേക്ഷ കൊടുക്കുന്നതിന്റെ പ്രൊസീഡിയറാണ് ഇവിടെ പറഞ്ഞത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ന്യായവിലഷാപ്പുകൾ അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : 'ഉണ്ടെങ്കിൽ എന്നുമുതൽ' ; അതിനു് ഉത്തരം പറഞ്ഞുകൂടെ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതെല്ലാം എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്, 22-3-1969 ൽ ഈ കാര്യത്തിൽ ഗവണ്മെന്റ് പബ്ലിക് അസ്സൈൻമെന്റ് ചെയ്തുകൊണ്ടുള്ള ഓർഡർ കൊടുത്തു.

ശ്രീ. ടി. എ. മജീദ്: നോട്ടിഫിക്കേഷന്റെ കോപ്പി ഒന്നു മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഞാൻ അതിന്റെ കോപ്പി സർക്കുലേറ്റ് ചെയ്യാം.

ശ്രീ. കെ. കരുണാകരൻ : സപ്ലൈ ആഫീസർക്കും കളക്ടർക്കുമുണ്ടായിരുന്ന അധികാരം അസൈൻചെയ്യാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച സംഗതികൾ എന്താണു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അവർക്കും അധികാരമുണ്ട്, ഗവണ്മെന്റിനു് അധികാരമുണ്ട്.

ശ്രീ. എൻ കെ. ശേഷൻ : സർ, ചോദ്യം ചോദിക്കുന്ന ആളിനു് ഉത്തരം കിട്ടേണ്ടതു് അത്യാവശ്യമാണ്. അതുകൊണ്ടു് ഉത്തരം കിട്ടുന്നതിനു് ഒരു കാലപരിധി തീർച്ചയായും നിശ്ചയിക്കണം. സമ്മേളനം കഴിഞ്ഞാൽ പിന്നെ ഉത്തരം കിട്ടാൻ പ്രയാസമാണ്.

മി. സ്പീക്കർ: നോക്കാം.

ശ്രീ. കെ. കരുണാകരൻ : "പുതിയ റേഷൻ കടകളും കൊടുക്കുന്ന കാര്യത്തിൽ മുഖ്യപ്രതിപക്ഷകക്ഷിയുമായോ, സ്വയംഭരണസ്ഥാപനങ്ങളുമായോ ആലോചിക്കേണ്ടതില്ലെന്നു് ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിനു കൂടി ഉത്തരം പറയണം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പോപ്പുലർ കമ്മിറ്റിയോടും മുനിസിപ്പാലിറ്റിപോലുള്ള സ്വയംഭരണസ്ഥാപനങ്ങളോടും ചോദിച്ചുചെയ്യുന്നതിനു് വിഷമങ്ങൾ കണ്ടതുകൊണ്ടു് അതു വേണ്ടെന്നു് ഉത്തരവു കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: അതിൽ എന്താണു് വിഷമം ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പ്രധാനമായും അതിനെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരും സ്വയംഭരണസ്ഥാപനങ്ങളും തമ്മിൽ അഭിപ്രായപ്പൊരുത്തമില്ലാതെ വരുന്നുണ്ട്. അതുകാരണം കാര്യങ്ങൾ തക്കസമയത്തു നടക്കാതെവന്നു.

ശ്രീ ടി. എ മജീദ് : ജനപ്രതിനിധികളെക്കാൾ ഉദ്യോഗസ്ഥന്മാരെയാണോ മന്ത്രിക്കു വിശ്വാസം ?

ശ്രീമതി. കെ ആർ ഗൗരി : പോപ്പുലർ കമ്മിറ്റിയുടെ അധികാരനിർവചനം കൊടുത്തതിൽ പോരായ്മകൾകൂടെ ശ്രദ്ധിക്കുന്നതിനുള്ള അധികാരമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുണ്ടായിരുന്നതു് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളമായിരുന്നു. എന്നാൽ അതുകൊണ്ടു് പല വഴക്കുകളും ഉണ്ടായി. അപ്പോഴാ ഉദ്യോഗസ്ഥന്മാർ അവരുടെ സ്വന്തം റസ്പോൺസിബിലിറ്റിയിൽ ആർഡർ കൊടുത്താൽമതി യെന്നു വിചാരിച്ചു. അങ്ങനെയല്ലാതെ പോപ്പുലർ കമ്മിറ്റിക്കു് ഒരുകാലത്തും അധികാരം കൊടുത്തിരുന്നില്ല.

ശ്രീ. എം. കെ. ദിവാകരൻ: ആരുടെ ശുപാർശയനുസരിച്ചാണു് കടകം അനുവദിക്കുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ ഇ കെ. ഇമ്പിച്ചിബാവ: ഡി. എസ്സ്പി, ഒ., തനിക്കു കട അനുവദിക്കുന്നതിനെപ്പറ്റിയുള്ള പ്രൊസീഡിയർ അനുസരിച്ചു് അപേക്ഷ ലഭിച്ചാൽ, അതിനെപ്പറ്റി ആവശ്യമായ അന്വേഷണം നടത്തി കടകം അനുവദിക്കും. അതുപോലെ തന്നെ കളക്ടർക്കു് ഹോംസയിൽ കടകം അനുവദിക്കുന്നതിനെപ്പറ്റിയുള്ള അപേക്ഷ ലഭിച്ചാൽ അദ്ദേഹവും അതിനുവേണ്ട നടപടികളും നടത്തി കടകം അനുവദിക്കും. ഗവണ്മെന്റിനു കിട്ടീയിട്ടുള്ള ഇഷ്യു ആണെങ്കിൽ അതു കൈകാര്യം ചെയ്യുന്ന ആഫീസു്, വേണ്ട അന്വേഷണം നടത്തിയശേഷം അനുവദിക്കാം. ഇങ്ങനെ ഏതുപ്രകാരത്തിലും കടകം അനുവദിക്കുന്നുണ്ടു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഗവണ്മെന്റുതന്നെ അനുവദിച്ച കടകം എത്ര യെണ്ണമുണ്ടു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിന്റെ കണക്കു് എന്റെ കൈയിലില്ല.

ശ്രീ. ബി. മാധവൻനായർ: പോപ്പുലർ കമ്മിറ്റിക്കു് ഗവണ്മെന്റു നൽകിയിട്ടുള്ള അധികാരങ്ങളും പുനഃപരിശോധിക്കുകയും കൂടുതൽ അധികാരങ്ങളും പോപ്പുലർ കമ്മിറ്റികൾക്കു് കൊടുക്കുകയും ചെയ്യാൻ ഗവണ്മെന്റു് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അതിനുള്ള ഈ ബിൽ ഈ നിയമസഭയിൽ വന്നിട്ടു് ചത്തുപോലെ കിടക്കുകയാണു്. ബില്ലു് പാസാകാതെ സ്റ്റാറ്റ്യൂട്ടറിയായി പോരൊന്നും നടത്തിക്കൂടാ, എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിലാണു് Revenue and food control ഓർഡുകളും ഇഷ്യു ചെയ്തിരിക്കുന്നതു്. ഏതെങ്കിലും വിധത്തിൽ അതിനെ മാറികടന്നു പോകണമെങ്കിൽ കൺകറന്റു് "സബ്ജക്ടു്" എന്നുള്ള നിലയിൽ ലെജിസ്ലേഷൻ ഉണ്ടാകണം. അതിനാണു് ഡ്രാഫ്റ്റു് ബിൽ വന്നതു്, അതു് മുന്നോട്ടുപോകാണ്ടുപോകാൻ കഴിഞ്ഞില്ല. കണ്ണൂർ, കോഴിക്കോടു്, മുതലായ ജില്ലകളിൽനിന്നും പോപ്പുലർ കമ്മിറ്റികളുടെ ശുപാർശകളും റെസല്യൂഷൻസും വന്നുകഴിഞ്ഞിട്ടുണ്ടു്. ഇതുപോലൊരു ബിൽ ഉണ്ടാക്കുന്നതിനു് നടപടിയെടുത്തതു്. ബിൽ പാസ്സാകാതെ മറ്റുവിധത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. എൻ. ഐ. ഭാസ്കരൻനായർ: പഞ്ചായത്തുകളുമായി ആലോചിച്ചിട്ടു് അവരുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ടു് റേഷൻഷോപ്പുകളും അനുവദിക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നതു ഉദ്യോഗസ്ഥന്മാർക്കാണു്. ആ നിലയ്ക്കു് പഞ്ചായത്തുകൾക്കുള്ള അഭിപ്രായം കേൾക്കേണ്ടതില്ലെന്നു തീരുമാനിക്കാനുള്ള പ്രത്യേക കാരണമെന്താണു്.

ശ്രീമതി കെ. ആർ. ഗൗരി: റീട്ടെയിൽ കടകളുടെ ഓർഡുകളാണു് ഇഷ്യു ചെയ്തിരിക്കുന്നതു്. അതിനു പ്രേരിപ്പിച്ചിട്ടുള്ള സംഗതിയാണു് ഞാൻ മുമ്പു പറഞ്ഞതു്. പഞ്ചായത്തുകൾ മെമ്മോറാണ്ടങ്ങൾ നൽകിയിട്ടുള്ളതുതന്നെ രണ്ടു പ്രാവശ്യമായിട്ടാണു്. പിന്നെ ഉദ്യോഗസ്ഥന്മാർ സ്വന്തം 'റെസ്പോൺസിബിലിറ്റി'

LIBRARY ARCHIVES Kerala Legislative Assembly

യിൽ ചെയ്യുന്ന കാര്യങ്ങളിൽ അയാൾ എന്തെങ്കിലും കൊള്ളരുതായ്മ കാണിക്കുകയാണെങ്കിൽ, അതിനു നടപടിയെടുക്കാം. പഞ്ചായത്തുകളെല്ലാം ശുപാർശ ചെയ്തിരിക്കുന്ന അഭിപ്രായങ്ങളാം ശരിയായിരുന്നു എന്ന അഭിപ്രായവുമില്ലായിരുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : പഞ്ചായത്തുകളുടേതുതന്നെ രണ്ടഭിപ്രായം വന്നാൽ ഏതുഗണം പരിഗണിച്ച് ആ അഭിപ്രായം ഗവണ്മെന്റിനു സ്വീകരിക്കാമായിരുന്നു. അപ്രകാരം പഞ്ചായത്തുകളുടെ അഭിപ്രായം സ്വീകരിക്കാതിരുന്നതു് പഞ്ചായത്തുകളോടുള്ള അവഗണനകൊണ്ടല്ലേ?

ശ്രീമതി കെ. ആർ. ഗൗരി : അവഗണനയോ പരിഗണനയോ എന്തായാലും അതു സാധ്യമല്ലെന്നു കണ്ടതുകൊണ്ടാണു് ഓർഡർ ഇഷ്യു ചെയ്തതു്.

ശ്രീ. റ്റി. കരുണാകരൻ : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ചു് ചെയ്യണമെന്നു ഭേദഗതിചെയ്തപ്പോൾ അതു മാറ്റാനിടയായതു് ബഹുമാനപ്പെട്ട മന്ത്രിടെ അഭിപ്രായവും പഞ്ചായത്തുകളുടെ അഭിപ്രായവും തമ്മിൽ ക്ലാഷ് വന്നതിനാൽ ഫലമായിട്ടല്ലേ? അതു നീക്കംചെയ്യാൻ ഇപ്പോൾ തയ്യാറാണോ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു് ബഹുമാനപ്പെട്ട കരുണാകരന്റെ അഭിപ്രായമാണു്. ഗവണ്മെന്റു വെവ്വേറെ ഒരു സർക്കുലർ ഇഷ്യു ചെയ്തു. ആദ്യം പഞ്ചായത്തുകളുമായി കൺസൾട്ടുചെയ്യണമെന്നു പറഞ്ഞു. പിന്നെ കൺസൾട്ടു ചെയ്യണ്ട എന്നു പറഞ്ഞു. അല്ലാതെ ക്ലാഷൊന്നും മറ്റൊന്നും ഉള്ളതുകൊണ്ടല്ല. പ്രവർത്തനമണ്ഡലത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു് ഓർഡറുകൾ ഇഷ്യു ചെയ്തിട്ടു്.

ശ്രീ. റ്റി. കരുണാകരൻ : തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരം എടുത്തു കളയുന്നതു വെവ്വേറെയായ നടപടിയല്ലേ; അങ്ങനെ വരുമ്പോൾ പഞ്ചായത്തുകളുടെ അധികാരവും പോകുകയല്ലേ?

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇതു് പഞ്ചായത്തിന്റെ അധികാരമല്ല. പഞ്ചായത്തു കൺസൾട്ടിംഗ് പവ്വർ കൊടുത്തിട്ടില്ല. ആക്ടനുസരിച്ചേ പവ്വേഴ്സ് കൊടുക്കാൻ പറ്റുകയുള്ളു. ഇപ്പോൾ ഗവണ്മെന്റു് വെവ്വേറെ ഒരു ഓർഡർ ഇഷ്യുചെയ്യുകയാണു ചെയ്തതു്.

ശ്രീ. റ്റി. എ. ശിവരാമഭാരതി : പോപ്പുലർ കമ്മിറ്റികൾ വന്നതുതന്നെ പഞ്ചായത്തുകളുടെ ഉപദേശം മാത്രമായിട്ടില്ലെന്നു തോന്നിയതുകൊണ്ടാണല്ലോ. പഞ്ചായത്തുകളുടെ ഉപദേശങ്ങൾക്കപ്പുറമുള്ള കൂടുതൽ അഭിപ്രായങ്ങൾ ലഭിക്കുന്നതിനാണെന്നാണു് മനസ്സിലാക്കുന്നതു കഴിഞ്ഞിട്ടുള്ളതു്. ഇപ്പോൾ പറയുന്നതു് അതിനല്ലെന്നാണു്. അങ്ങനെയാണെങ്കിൽപ്പിന്നെ പോപ്പുലർ കമ്മിറ്റികളുടെ ഫങ്ഷൻസ് എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : പഞ്ചായത്തുകൾക്കു് വളരെക്കൂടുതൽ അധികാരം കൊടുക്കണമെന്നും അതുപോലെതന്നെ എല്ലാ രാഷ്ട്രീയപ്പാർട്ടികളും പോപ്പുലർ കമ്മിറ്റിയിൽ പ്രവർത്തിയ്ക്കുന്നില്ലെന്നും വിവിധാഭിപ്രായങ്ങൾ വന്നിട്ടുണ്ടു്.

ശ്രീ പി. എസ്. ശ്രീനിവാസൻ : ആ കാര്യത്തിൽ ഗവണ്മെന്റിന്റെ നയം എന്താണു്?

ശ്രീമതി കെ. ആർ. ഗൗരി : ഗവണ്മെന്റിന്റെ നയം അനുസരിച്ചാണു് ബിൽ അവതരിപ്പിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. എ. മജീദ് : ഹോംസയിൽ കടകം അനുവദിക്കാൻ കളക്ടർക്കും ഗവണ്മെന്റിനും അധികാരമുണ്ടെന്നു പറഞ്ഞു ഗവണ്മെന്റിനു കിട്ടുന്ന ആപ്പീലിന്മേൽ അന്വേഷണം നടത്തുന്നതു് ആരാണു് ?

ശ്രീ ഇ കെ. ഇമ്പിച്ചിബാവ : അതിനു് ഉദ്യോഗസ്ഥന്മാരെ പ്രമതലപ്പെടുത്താറുണ്ടു്. ഗവണ്മെന്റിനു് നേരിട്ടറിയാവുന്ന ആളാണെങ്കിൽ ഗവണ്മെന്റു് നേരിട്ടു് ചെയ്യും.

ശ്രീ. ടി. എ മജീദ് : അപ്പോൾ മന്ത്രി നേരിട്ടു കൊടുക്കുമെന്നർത്ഥം.

ശ്രീ ഇ. കെ. ഇമ്പിച്ചിബാവ : യാതൊരു സംശയവുമില്ല.

ശ്രീ ടി. എ മജീദ് : ഈ ചോദ്യത്തിലെ (ജി) വിഭാഗത്തിനു്, അതായതു് പുതിയ കടകം ലഭിച്ച ആരിൽ കരിഞ്ചന്തയ്ക്കു ശിക്ഷ അനുഭവിച്ചവർ എത്ര പേരുണ്ടു് എന്ന ചോദ്യത്തിനു് ഉത്തരം കിട്ടിയിട്ടുണ്ടോ ?

ശ്രീ. ഇ കെ ഇമ്പിച്ചിബാവ : കരിഞ്ചന്തയ്ക്കു ശിക്ഷയനുഭവിച്ചിട്ടുണ്ടോ എന്നു നോക്കിയിട്ടില്ല.

ശ്രീ. കെ എം. മാണി : സർ, പഞ്ചായത്തു നൽകുന്ന ശുപാർശ എന്നു പറയുന്നതു് പഞ്ചായത്തിലെ ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനമാണു്. ആ ശുപാർശ അവഗണിക്കുന്നതു ശരിയാണോ? അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിനുള്ള ഒരു ബിൽ ഇവിടെ പരിഗണിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പഞ്ചായത്തിന്റെ ശുപാർശകൾ കേൾക്കാതെ ഉദ്യോഗസ്ഥന്മാരുടെ ശുപാർശകൾ സ്വീകരിക്കുന്നതു ശരിയാണോ ?

ശ്രീമതി കെ. ആർ. ഗൗരി : പഞ്ചായത്തുരാജു് ബില്ലിന്റെ ഷെഡ്യൂളിൽ 'ഫുഡി'ന്റെ അധികാരം കെടുത്തിട്ടില്ല. അതു് ഗവണ്മെന്റിനാണുള്ളതു്. അപ്പോഴപ്പിന്നെ ഇതു് പ്രസക്തമല്ല:

ശ്രീ. എ എസ്. എൻ. നമ്പീശൻ : തങ്ങൾക്കു് യാതൊരു അധികാരവും ഇല്ലെന്നുള്ളതിനുപോലും ഓരോ സ്ഥാനത്തിൽ പോപ്പുലർ കമ്മിറ്റികളും ഇപ്പോഴും യോഗം കൂടി തീരുമാനിക്കുകയാണു്. അതുകൊണ്ടു് എന്തെങ്കിലും തീരുമാനിക്കുന്നതിനു വേണ്ടി പോലും വിളിച്ചുകൂട്ടിയാൽ അവർ ഹാജരാകുന്നില്ലെന്നുള്ള വസ്തുത മനസ്സിലാക്കിയ മന്ത്രിക്കറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : സർ, അതാണു് ഞാൻ നേരത്തേ പറഞ്ഞതു്. സ്റ്റാറ്റ്യൂട്ടറിയായി അധികാരം കൊടുത്തിട്ടില്ലെങ്കിൽ പ്രവർത്തനത്തിനു് കുറേ ബുദ്ധിമുട്ടുണ്ടാകും, അതുകൊണ്ടാണു് ബിൽ അവതരിപ്പിച്ചിരിക്കുന്നതു്. ബിൽ പാസ്സാക്കിയാൽ അധികാരം ഉണ്ടാകും, പിന്നെ കൂടുകയും ചെയ്യും പ്രവർത്തിക്കുകയും ചെയ്യും.

ശ്രീ. എം. കെ. കേശവൻ : ഈ ഗവണ്മെന്റു് സംഘടിപ്പിച്ചതും ജനപ്രതിനിധികളുൾക്കൊള്ളുന്നതുമായ പോപ്പുലർ കമ്മിറ്റികളെ വിശ്വസിക്കാതെ, അവർക്കു കടകം അനുവദിക്കാൻ അധികാരം കൊടുക്കാതെ ഒരു ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനു് ഇത്രത്തോളം പ്രാധാന്യം കല്പിക്കാനുണ്ടായ കാരണമെന്താണു് ?

ശ്രീമതി കെ. ആർ. ഗൗരി : സർ, പഞ്ചായത്തിനു് അധികാരം കൊടുത്തിട്ടില്ലായിരുന്നു. പിന്നെ വിശ്വാസത്തിന്റെ കാര്യമില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഉപദേശിക്കുന്നതിനുള്ള അധികാരം പോപ്പുലർ കമ്മിറ്റികൾക്കു നടപ്പാക്കുന്നതിനു് നിയമപരമായി ഉള്ള തടസ്സമെന്താണു് ?

ശ്രീമതി കെ. ആർ. ഗൗരി : നിയമപരമായി തടസ്സമൊന്നുമില്ല. ആകപ്പാടെ ഇല്ലാത്ത പ്രൊവിഷൻ എന്തെങ്കിലും വെറുതേ നമുക്കു് എഴുതിക്കൂടല്ലോ. ഇല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

അധികാരമുപയോഗിച്ചാൽ ആളകത്ത പരാതിപ്പെട്ടാലും നമുക്കൊന്നും പറയാൻ സാധിക്കുകയില്ല. ഇന്നത്തെ ആക്ടനുസരിച്ച് ഉദ്യോഗസ്ഥന്മാർക്കെ പൗരവ്വഴ്സ് ഉള്ള ഓഫീസർ എന്നു പറയുന്ന നിർവ്വചനം നമ്മുടെ നിയമങ്ങളിലെല്ലാം നോക്കുമ്പോൾ, "Who is an officer appointed under the Essential Commodities Act as a paying civil servant" ആണ്. പോപ്പുലർ കമ്മിറ്റി മെമ്പേഴ്സിനെ സിവിൽ സർവ്വൻറ്സ് ആക്കാനാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : അഡൈ്വസറി കൗൺസിറ്റിയിലുള്ള പൗവ്വേഴ്സ് കൊടുക്കുന്നതിനു നിയമപരമായി എന്തെങ്കിലും തടസ്സംവരുമോ?

ശ്രീമതി കെ. ആർ. ഗൗരി : ചന്ദ്രശേഖരൻനായരോട് ഞാൻ ഒരഭിപ്രായം പറയാം. പോപ്പുലർ കമ്മിറ്റിയിലും കോ-ഓർഡിനേഷൻ കമ്മിറ്റിയിലുള്ളതു പോലെയുള്ള അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. അതാണ് ഫർദറായി 'push' ചെയ്യാനുള്ള ബുദ്ധിമുട്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ബഹുജനാഭിപ്രായം പഞ്ചായത്തിന്റെ അഭിപ്രായമല്ലേ?

ശ്രീമതി കെ. ആർ. ഗൗരി : ബഹുജനാഭിപ്രായം എന്നുപറയുന്നതു് സ്റ്റാറ്റിക്കു് അല്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അതനുസരിച്ച് കൺസംട്ടേഷനും സ്റ്റാറ്റിക്കു് അല്ല. പഞ്ചായത്തുകളും മാറി മാറി വരുമ്പോൾ മാറി മാറി അഭിപ്രായം ചോദിക്കണം. അതിനു് തീയ്യതികുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതൊക്കെ പുതിയ മന്ത്രി ചെയ്തുകൊള്ളും.

മി. സ്പീക്കർ : ഈ ചോദ്യത്തിനു് എ മുതൽ ജി വരെയും വിവരം ശേഖരിച്ചു വരുന്നു എന്നാണു് മറുപടി പറഞ്ഞതു്. ഇനിമുതൽ വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാം. നാക്കുകയില്ല. വിവരം ശേഖരിച്ചുവരുന്നു എന്നു ചോദ്യത്തിനാണു് ഇതുവരെയും മറുപടി പറഞ്ഞതു്. ബഹുമാനപ്പെട്ട മന്ത്രിക്കു എല്ലാം കാണാപ്പാഠമാണു്, സന്ദർഭവശാൽ ഞാൻ ഇതങ്ങു പറഞ്ഞു എന്നേയുള്ളൂ. അതല്ലാതെ കാര്യമായി പറഞ്ഞതല്ല.

(ii) Written Answer

അരി റേഷൻ കുറവുചെയ്യൽ

* 192. [708] ശ്രീ. കെ. ടി. ജേക്കബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതമന്ത്രി സദയം മറുപടി നരുകുമോ :

(എ) സംസ്ഥാനത്തു നിലവിലുള്ള അരിറേഷൻ കുറവു ചെയ്യുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കേന്ദ്രത്തിൽനിന്നും ലഭിച്ചുവരുന്ന അരി കുറയുമെന്നോ വർദ്ധിക്കുമെന്നോ വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) ആളൊന്നുക്കു് ദിവസേന 160ഗ്രാം എന്ന തോതിലാണു് സംസ്ഥാനത്തു് ഇപ്പോൾ അരിറേഷൻ അനുവദിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ തീരുമാനമനുസരിച്ച് ഈ തോതു് ഒക്ടോബർ 4-ാംതീയതിവരെ തുടരുന്നതാണു്. അരിയുടെ സ്റ്റോക്കുനില കണക്കിലെടുത്തു്, 5-10-'69 മുതൽ ഈ തോതു് നിലനിർത്തുകയോ കുറയ്ക്കുകയോ ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly